(എ) ആർ. ടി. ഓഫീസുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൊതുജനങ്ങളെ സഹായിക്കാൻ പ്രവർത്തിക്കുന്ന ഏജന്റുമാർക്ക് സർക്കാരിന്റെ അംഗീകാരമുണ്ടോ എന്നറിയിക്കാമോ;

(ബി) ഇവരുടെ പ്രവർത്തനംമൂലം ജനങ്ങൾക്ക് അമിത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു നിയന്ത്രിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) ഈ മേഖലയിലെ അഴിമതി നിയന്ത്രിക്കാൻ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഏജന്റുമാർ ഓഫീസിൽ പ്രവേശിക്കുന്നതും ഓഫീസ് കാര്യങ്ങളിൽ ഇടപെടുന്നതും കർശനമായി നിരോധിച്ചിട്ടുണ്ട്. ഏജന്റുമാരെ ഓഫീസുകളിൽ കടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആർ. ടി. ഓഫീസുകളും, ചെക്ക്പോസ്റ്റുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൈത്തറി വ്യവസായ മേഖലയിൽ പ്രശ്നങ്ങൾ

*20 [461] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മുൻ സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) കൈത്തറി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ശ്രീ. മമ്മുമാസ്റ്റർ ചെയർമാനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. വികസന രംഗം, വിപണനരംഗം,

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യം, ഭരണപരം എന്നിങ്ങനെ നാല് വിഭാഗങ്ങളിലായി പ്രധാനപ്പെട്ട 21 നിർദ്ദേശങ്ങളാണ് കമ്മിറ്റി സമർപ്പിച്ചിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ഓരോ ശുപാർശയും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

വികലാംഗരെ തിരിച്ചറിയാനുള്ള സർവ്വെ

*21 [462] ശ്രീ. എ. സി. മൊയ്തീൻ:

,, കെ. വി. കുഞ്ഞിരാമൻ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്കുവേണ്ടി ഒരു സംസ്ഥാന നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വികലാംഗരെ തിരിച്ചറിയാനുള്ള സർവ്വെ നടത്തണമെന്ന കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) വികലാംഗർക്കുവേണ്ടിയിള്ള സംസ്ഥാന ഏകോപന സമിതിയുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വീഴ്ചകൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) വികലാംഗരുടെ ക്ഷേമത്തിനായി പുതിയ എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) നയം രൂപീകരിച്ചിട്ടില്ല.

(ബി) നടപടികൾ എടുത്തുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിൽ ബുക്ക് ബയന്റിംഗ് കോഴ്സ് നവീകരിച്ച് പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് കോഴ്സായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[22-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *20 (461) ദയവായി കാണുക.]

വികസന രംഗം

1. തറികളുടെ നവീകരണം.
2. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം.
3. ഡൈയിംഗ്, സൈസിംഗ് എന്നിവ നടത്തുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.
4. ഡൈയിംഗ് മാസ്റ്റർമാർക്ക് ഹ്രസ്വകാല, ദീർഘകാല കോഴ്സുകൾ ഏർപ്പെടുത്തുക.
5. നെയ്ത്തുകാരുടെ വേതനത്തിലെ അന്തരം കുറയ്ക്കുന്നതിന് ദേശീയ മിനിമം വേതനം ആവിഷ്ക്കരിക്കുക.
6. ഹാന്റ്ക്സ് പ്രോസസ്സ് ഹൗസ് നവീകരിക്കുക.
7. നാഷണൽ ഹാന്റ് ലൂം ഡവലപ്മെന്റ് കോർപ്പറേഷന്റെ ബ്രാഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുക.

വിപണന രംഗം

8. മാർക്കറ്റ് സ്റ്റഡി നടത്തുക.
9. വ്യാജ കൈത്തറി മേളകൾ, ടെക്സ്റ്റൈയിൽ മേളകൾ നിരോധിക്കുക.
10. ഹാന്റ്ക്സ്, ഹാന്റ് വീവ് ഷോറൂമുകൾക്ക് മുഴുവൻ പ്രവൃത്തി ദിവസങ്ങളിലും 20% റിബേറ്റ് അനുവദിക്കുക.
11. പ്രാഥമിക സംഘങ്ങൾക്ക് 78 ദിവസം റിബേറ്റ് തുടരുക.
12. സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അവർക്കാവശ്യമായ തുണിത്തരങ്ങൾ ഹാന്റ്ക്സിൽ നിന്നും ഹാന്റ് വീവിൽ നിന്നും വാങ്ങുക.

ധനകാര്യം

13. റിബേറ്റ് കുടിശ്ശിക ഉടനെ കൊടുത്തു തീർക്കുകയും ഭാവിയിൽ യഥാസമയം റിബേറ്റ് നൽകും എന്നു ഉറപ്പു വരുത്തുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

14. എം. ഡി. എ. കൈത്തറിയ്ക്കുള്ള റിസർവേഷൻ, ഹാങ്ക്യാൺ, ഓബ്ലിഗേഷൻ എന്നിവ തുടരേണ്ടതാണ്.

15. പ്രോജക്ട് പാക്കേജ് പദ്ധതി, ഹൗസ്-കം-വർക്ക് ഷെഡ് തുടങ്ങിയ പദ്ധതികളിൽ ഓരോയിനത്തിനും തുക വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

16. കൈത്തറി മേഖലയ്ക്കുള്ള വായ്പയ്ക്ക് കയർ മേഖലയോട് സമാനമായ പലിശ സബ്സിഡി നല്കുക.

17. അപ്പക്സ് സംഘങ്ങൾക്കും പ്രൈമറി സംഘങ്ങൾക്കും സർക്കാർ നല്കിയിട്ടുള്ള വായ്പകൾ ഓഹരിയാക്കി മാറ്റുക.

ഭരണപരം

18. കൈത്തറി കൂടുതലുള്ള തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ആസ്ഥാനമായി കൈത്തറി പ്രോജക്ടുകൾ ഉടൻ ആരംഭിക്കുക.

19. സമഗ്രമായൊരു സർവ്വെയിലൂടെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക.

20. സഹകരണ സംഘം സെക്രട്ടറിമാർക്കും ഭാരവാഹികൾക്കും മാനേജ്മെന്റ് ട്രെയിനിംഗ് നൽകുക.

21. കൈത്തറി രംഗത്ത് ആവശ്യമായ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്ന കാര്യത്തിൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽ ടെക്നോളജി കൂടുതൽ കോഴ്സുകൾ സംഘടിപ്പിക്കുക.

നടപ്പാക്കിവരുന്ന കൈത്തറി വികസന പ്രവർത്തനങ്ങൾ

വികസന രംഗം

(1-4) ദീൻദയാൽ കൈത്തറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 239 സഹകരണ സംഘങ്ങളിൽ നടപ്പാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു:

തറികളുടെ നവീകരണം, നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം എന്നിവ നൽകിവരുന്നു. കൂടാതെ ഡൈയിംഗ്, സൈസിംഗ് സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം ട്രെയിനിംഗ് പ്രോജക്ട്, സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് തുടങ്ങിയ പദ്ധതികളിലൂടെ ഡൈയിംഗ് മാസ്റ്റർമാരെ കണ്ടെത്തുന്നതിനും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

5. ദേശീയ വേതന നയത്തിനു രൂപം നൽകുക എന്നത് കേന്ദ്ര സർക്കാർ സ്വീകരിയ്ക്കേണ്ട നയപരമായ വിഷയമാണ്.

6. ഹാന്റ്ക്സ്, ഹാൻറ്വീവ് എന്നീ സ്ഥാപനങ്ങൾ നവീകരിച്ചു പുനരുദ്ധരിപ്പിക്കുന്നതിനു തയ്യാറാക്കിയ പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

7. നാഷണൽ ഹാന്റ്ലൂം ഡവലപ്മെന്റ് കോർപ്പറേഷന്റെ ശാഖ തിരുവനന്തപുരത്തു സ്ഥാപിക്കുന്നതിനു അനുകൂലമായ തീരുമാനം കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കണ്ണൂർ ജില്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന എൻ. എച്ച്. ഡി. സി.-യുടെ ബ്രാഞ്ചിന് തിരുവനന്തപുരം ജില്ലയുടെ ആവശ്യവും നിറവേറ്റുവാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

വിപണന രംഗം

8. മാർക്കറ്റ് സർവേ നടത്തുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ ടെക്സ്റ്റൈയിൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. നിലവിലുള്ള തറികളുടെ പ്രത്യേകതകളും, നെയ്ത്തുകാരുടെ കരവിരുതും വിപണിയും പഠനവിധേയമാക്കി. ഉല്പാദനരംഗത്ത് നടപ്പാക്കുന്ന നിർദ്ദേശങ്ങളാണ് ടെക്സ്റ്റൈയിൽ കമ്മിറ്റി സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത ശുപാർശകൾ പരിശോധിച്ചു നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കൈത്തറി നെയ്ത്തു വ്യവസായവും വിപണിയും ഐ.ഐ.എം.-ന്റെ നേതൃത്വത്തിൽ വിശദമായ പഠനത്തിനു വിധേയമാക്കി SJSY പദ്ധതിയിൽ ഉൾപ്പെടുത്തി 3 പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ 4000 നെയ്ത്തുകാർക്കു പ്രയോജനപ്പെടുന്ന പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിനു ഉടനെ സമർപ്പിക്കുന്നതാണ്. മറ്റു രണ്ടു പ്രോജക്ടുകളും നടപ്പു വർഷം തന്നെ കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്നതാണ്.

9. അന്യ സംസ്ഥാനത്തു നിന്നെത്തുന്നവരുടേയും പ്രാദേശിക വ്യാപാരികളുടെയും നേതൃത്വത്തിൽ നടത്തുന്ന കൈത്തറി മേളകളും ടെക്സ്റ്റൈയിൽ മേളകളും നിരോധിക്കുക എന്നതു പ്രയോഗികമാണെന്നു തോന്നുന്നില്ല.

10. ഹാന്റ്ക്സ്, ഹാന്റ് വീവ് വില്പന ശാലകൾക്കു മുഴുവൻ പ്രവൃത്തി ദിവസങ്ങളിലും 20% റിബേറ്റ് അനുവദിക്കുന്നില്ലായെങ്കിലും ഇപ്പോൾ താഴെ സൂചിപ്പിച്ചിരിക്കുന്ന സഹായങ്ങൾ അനുവദിക്കുന്നുണ്ട്.

- മാർക്കറ്റിംഗ് ഇൻസന്റീവ് (വില്പനയുടെ 4% തുക 2004-2005-ൽ നൽകുന്നു).
- 104 ദിവസം 10% റിബേറ്റ് (കേന്ദ്ര സർക്കാർ പദ്ധതി).

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

- 20% റിബേറ്റ് 37 ദിവസം (സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചു നടപ്പാക്കിവരുന്നത്).

11. പ്രാഥമിക സംഘങ്ങൾക്ക് 78 ദിവസം റിബേറ്റ് നൽകുന്ന പദ്ധതി തുടരുന്നതുകൊണ്ടു മാത്രം കൈത്തറി വ്യവസായത്തിനു പിടിച്ചു നില്ക്കാനാവില്ല. വൈവിധ്യമാർന്ന കൈത്തറി ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമേ തൊഴിലാളികൾക്കു സ്ഥിരമായി തൊഴിലും, മാന്യമായ വേതനവും ലഭിക്കുകയുള്ളു. അതിനു മുൻതൂക്കം നല്കിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് സർക്കാർ ശ്രമിച്ചു വരുന്നത് എങ്കിലും വസ്ത്രങ്ങൾ വിറ്റഴിക്കാൻ താഴെ സൂചിപ്പിച്ചിരിക്കുന്ന ധന സഹായം പ്രാഥമിക സംഘങ്ങൾക്കും ഇപ്പോൾ (2004-2005) ലഭ്യമാണ്.

- മാർക്കറ്റിംഗ് ഇൻസന്റീവ് (6%—2004-2005)
- 10% കേന്ദ്ര റിബേറ്റ്—104 ദിവസം
- പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്ന സംഘങ്ങൾക്ക് 37 ദിവസത്തേക്ക് 20% റിബേറ്റ് (2004-2005)

12. സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അവർക്കാവശ്യമായ തുണിത്തരങ്ങൾ ഹാന്റ്ക്സിൽനിന്ന് വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. എങ്കിലും ഈ ഉത്തരവ് സ്റ്റോർ പർച്ചേസ് മാനുവലിൽ ഉൾപ്പെടുത്തി വരേണ്ടതുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ധനകാര്യം

13. റിബേറ്റ് കുടിശ്ശിക ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് കൊടുത്തു തീർക്കുന്നതാണ്.

14. എം. ഡി. എ. യ്ക്കു പകരം മാർക്കറ്റിംഗ് ഇൻസെന്റീവ് സ്കീം കേന്ദ്ര സർക്കാർ നടപ്പാക്കി. കൈത്തറിയ്ക്കുള്ള റിസർവേഷൻ, ഹാങ്ക് യാൺ, ഓബ്ളിഗേഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇപ്പോഴും നിലവിലുണ്ട്.

15. പ്രോജക്ട് പാക്കേജ് പദ്ധതി നിർത്തലാക്കിയശേഷം, ദീൻദയാൽ കൈത്തറി വികസന പദ്ധതി 2000-2001 മുതൽ കേന്ദ്ര സർക്കാർ നടപ്പാക്കി. ഹൗസ്-കം-വർക്ക്ഷെഡ് സ്കീം ഇപ്പോഴും തുടരുന്നു.

16. കയർ സഹകരണ സംഘങ്ങൾക്കു അനുവദിച്ചു വന്നിരുന്ന പലിശ സബ്സിഡി നിർത്തലാക്കി. നബാർഡിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ ക്യാഷ്ക്രെഡിറ്റ് കൈത്തറി സംഘങ്ങൾക്കു ലഭ്യമാണ്.

17. അപ്പക്സ് സംഘത്തിനും പ്രാഥമിക സംഘങ്ങൾക്കും നല്കിയിട്ടുള്ള വായ്പകൾ ഓഹരിയാക്കി മാറ്റുന്നതുകൊണ്ടു മാത്രം, ഇവയുടെ പ്രവർത്തനം കാര്യക്ഷമമാകുമെന്നു കരുതുന്നില്ല. ഇവയുടെ പുനഃസംഘടനയോടൊപ്പം ഈ നിർദ്ദേശം ഉൾപ്പെടെ നല്കേണ്ട സർക്കാർ സഹായങ്ങളെക്കുറിച്ച് പരിശോധിയ്ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

ഭരണപരം

18. കൈത്തറി പ്രോജക്ടുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

19. സംസ്ഥാനത്തെ മുഴുവൻ തറികളും സർവ്വേ ചെയ്യുന്നതിന് സർക്കാർ വകുപ്പായ ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിനെ ചുമതല പ്പെടുത്തികഴിഞ്ഞു. സർവ്വെ ഉടനെ പൂർത്തിയാക്കുന്നതാണ്.

20. സഹകരണ സംഘം സെക്രട്ടറിമാർക്കും ഭാരവാഹികൾക്കും പരിശീ ലനം നല്കുന്ന പദ്ധതി നടപ്പാക്കുന്നതാണ്.

21. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈയിൽ ടെക്നോളജി ഫാഷൻ ഡിസൈനിംഗിൽ പോസ്റ്റ് ഡിപ്ലോമ കോഴ്സ് കണ്ണൂർ യൂണിവേഴ്സിറ്റി യുമായി ചേർന്നു 2003-2004 മുതൽ ആരംഭിച്ചിട്ടുണ്ട്.

അനുബന്ധം III

[22-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 8 (3015) ദയവായി കാണുക.]

1.	ജനറൽ മാനേജർ (വർക്സ്)	..	1
2.	ജനറൽ മാനേജർ (ഫൈനാൻസ്)	..	1
3.	മാനേജർ (പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ)	..	1
4.	മാനേജർ (പ്രൊഡക്ഷൻ)	..	1
5.	കമ്പനി സെക്രട്ടറി	..	1
6.	സീനിയർ എഞ്ചിനീയർ (ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ്)	..	1
7.	അസിസ്റ്റന്റ് മാനേജർ	..	2
8.	അക്കൗണ്ട്സ് ഓഫീസർ	..	2
9.	സെയിൽസ് ഓഫീസർ	..	4
10.	പർച്ചേസ് ഓഫീസർ	..	2
11.	അസിസ്റ്റന്റ് എഞ്ചിനീയർ	..	9
12.	ഫോർമാൻ ഇലക്ട്രിക്കൽ	..	1
13.	ഇലക്ട്രിഷ്യൻ	..	1
14.	മസ്ദൂർ	..	102
	ആകെ	..	129

LIBRARY ARCHIVES Kerala Legislative Assembly